# ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്

**ആറ്റുകാൽ, തിരുവനന്തപുരം-9**

നമ്പർ.ഇ3/8372/2024/എബിറ്റിറ്റി/ 110 — തീയതി : 04.01.2025

## ടെണ്ടർ പരസ്യം

## ചുറ്റമ്പലത്തിനുള്ളിൽ ഫോട്ടോ എടുത്ത് പ്രിന്റ് നൽകുന്നതിനുള്ള കരാർ

ആറ്റുകാൽ ഭഗവതിക്ഷേത്രത്തിൽ 1-4-2025 മുതൽ 31-3-2026 വരെ ഒരു വർഷ കാലയളവിലേയ്ക്ക് ചുറ്റമ്പലത്തിനുള്ളിൽ ഫോട്ടോ **എടുത്ത് പ്രിന്റ് നൽകുന്നതിനുള്ള** അവകാശത്തിനായി ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡറുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫാറത്തിൽ പൂരിപ്പിച്ച് 15.01.2025 ബുധനാഴ്ച വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും 16.01.2025 വ്യാഴാഴ്ച വൈകുന്നേരം 4.30ന് സന്നിഹിതരായിരിക്കുന്ന ടെൻഡറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

***ടെൻഡർ നിബന്ധനകൾ***

1. നിരതദ്രവ്യതുകയായ 15,000 രൂപയ്ക്ക് (പതിനയ്യായിരം രൂപ മാത്രം) ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും സെക്രട്ടറി, ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്, തിരുവനന്തപുരം എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് വാങ്ങി ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്. കവറിനു മുകളിൽ വ്യക്തമായി 'ചുറ്റമ്പലത്തിനുള്ളിൽ ഫോട്ടോ എടുത്ത് നൽകുന്നതിനുള്ള' ടെൻഡർ എന്നെഴുതുകയും ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ പേരും മേൽവിലാസവും കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ടെൻഡറിനോടൊപ്പം ചേർത്തിരിക്കുന്ന ടെൻഡർ ഫാറം പൂരിപ്പിച്ച് ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്.
2. മേൽപ്പറഞ്ഞ കാലയളവിലേയ്ക്ക് ക്ഷേത്രത്തിൽ ചുറ്റമ്പലത്തിനകത്ത് എടുത്ത് നൽകുന്ന ഫോട്ടോയുടെ പ്രതിഫലം രസീത് പ്രകാരം ഭക്തജനങ്ങളിൽ നിന്നും ട്രസ്റ്റ് ഈടാക്കുന്നതാണ്.
   എന്നാൽ ഭക്തജനങ്ങൾ സ്വന്തമായും അവരുടെ ഇഷ്ടപ്രകാരം മറ്റു ഫോട്ടോഗ്രാഫറുമാരെ നിയോഗിച്ചും ഇപ്പോൾ നിലവിലുള്ളതുപോലെ തുടർന്നും രസീതിൻ പ്രകാരം ഫോട്ടോ എടുക്കുന്നത് യാതൊരു വിധത്തിലും തടയാൻ പാടുള്ളതല്ല. മാദ്ധ്യമങ്ങൾ, ടൂറിസ്റ്റുകൾ മറ്റ് വിശിഷ്ട വ്യക്തികൾ എന്നിവർക്ക് തുടർന്നും സൗജന്യമായി ഫോട്ടോ എടുക്കുന്നതിനുള്ള അനുവാദം ട്രസ്റ്റിൽ നിന്നും നല്കുന്നതും അതിലും കരാറുകാരൻ ഇടപെടുവാൻ പാടില്ലാത്തതുമാകുന്നു.
3. ഭക്തജനങ്ങളിൽ നിന്ന് ഫോട്ടോയ്ക്ക് ഈടാക്കുന്ന റേറ്റ് ട്രസ്റ്റ് നിശ്ചയിക്കുന്നതാണ്.
4. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി നിശ്ചിത വ്യവസ്ഥകൾക്കു വിധേയമായി സെക്യൂരിറ്റി തുകയായി 25,000 രൂപ (ഇരുപത്തിയയ്യായിരം രൂപ മാത്രം) ഒടുക്കി നിശ്ചിത വ്യവസ്ഥകൾ ഉൾപ്പെടുത്തി 200/- രൂപയുടെ മുദ്രപ്രത്തിൽ (ഫോട്ടോ പതിപ്പിച്ചത്) നിശ്ചിത കരാർ ഒപ്പിട്ട് ട്രസ്റ്റ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
5. ടെൻഡർ സ്ഥിരപ്പെടുത്തിക്കിട്ടുന്ന വ്യക്തി താഴെപ്പറയുന്ന ഒന്നു മുതൽ 9 വരെയുള്ള ഐറ്റങ്ങളുടെ ഫോട്ടോ എടുത്ത് ട്രസ്റ്റിനു നൽകുന്നതിനുള്ള ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തേണ്ടതാണ്. ഫോട്ടോഗ്രാഫ് ട്രസ്റ്റ് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കൗണ്ടർ വഴി ഭക്തജനങ്ങൾക്ക് നൽകുന്നതാണ്.

| | | | | തുക അക്കത്തിൽ | തുക അക്ഷരത്തിൽ |
|---|---|---|---|---|---|
| 1 | 4x6 | ആദ്യത്തെ കോപ്പി | – ഒന്നിന് | | |
| 2 | 4x6 | അഡീഷണൽ കോപ്പി | – ഒന്നിന് | | |
| 3 | 4x6 | ലാമിനേറ്റ് ചെയ്ത് ഫ്രെയിം ചെയ്തത് | – ഒന്നിന് | | |
| 4 | 6x8 | ആദ്യത്തെ കോപ്പി | – ഒന്നിന് | | |
| 5 | 6x8 | അഡീഷണൽ കോപ്പി | – ഒന്നിന് | | |
| 6 | 6x8 | ലാമിനേറ്റ് ചെയ്ത് ഫ്രെയിം ചെയ്തത് | – ഒന്നിന് | | |
| 7 | 8x12 | ആദ്യത്തെ കോപ്പി | – ഒന്നിന് | | |
| 8 | 8x12 | അഡീഷണൽ കോപ്പി | – ഒന്നിന് | | |
| 9 | 8x12 | ലാമിനേറ്റ് ചെയ്ത് ഫ്രെയിം ചെയ്തത് | – ഒന്നിന് | | |

6 ഫോട്ടോഗ്രാഫി രംഗത്ത് കുറഞ്ഞത് 3 വർഷത്തെ പ്രവർത്തന പരിചയമുണ്ടായിരിക്കേണ്ടതാണ്. എടുത്ത് നൽകുന്ന ഫോട്ടോകൾ എല്ലാ രീതിയിലും ഉയർന്ന നിലവാരം പുലർത്തുന്നവയായിരിക്കേണ്ടതാണ്.

7 മേൽപ്പറഞ്ഞ കാലയളവിൽ ഭക്തജനങ്ങളിൽ നിന്നും യാതൊരു വിധത്തിലുമുള്ള പരാതികൾക്കിട നൽകാതെ നിശ്ചിത സമയത്തിനുള്ളിൽ ഫോട്ടോയെടുത്ത് പ്രിന്റ് 48 മണിക്കൂറിനകവും അടിയന്തിര ആവശ്യം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ രണ്ട് മണിക്കൂറിനകവും ട്രസ്റ്റ് ചുമതലപ്പെടുത്തിയിട്ടുള്ള ജീവനക്കാരെ ഏൽപ്പിക്കേണ്ട ഉത്തരവാദിത്വം കരാറുകാരന്റേതായിരിക്കുന്നതാണ്. ഫോട്ടോകളുടെ സോഫ്റ്റ് കോപ്പി കൂടി ട്രസ്റ്റിന് ലഭ്യമാക്കേണ്ടതാണ്. എടുത്ത് നൽകുന്ന ഫോട്ടോകൾക്കോ, ഫോട്ടോ പ്രിന്റുകൾക്കോ, ലാമിനേറ്റ് ചെയ്തു നൽകുന്ന ഫോട്ടോകൾക്കോ വേണ്ടത്ര ഗുണനിലവാരം ഇല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ കരാർ റദ്ദു ചെയ്യുന്നതുൾപ്പെടെയുള്ള മേൽനടപടികൾ സ്വീകരിക്കുന്നതിന് ട്രസ്റ്റിന് പൂർണ്ണ അവകാശവും അധികാരവും ഉണ്ടായിരിക്കുന്ന താണ്.

8 ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി/സ്ഥാപനം ഈ അവകാശം യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറുവാൻ പാടുള്ളതല്ല.

9 ടെൻഡർ കാലയളവിൽ യാതൊരു കാരണവശാലും നിരക്കുകൾ വർദ്ധിപ്പിക്കുന്നതല്ല.

10 ടെൻഡർ കാരണം പറയാതെ നിരസിക്കുന്നതിനും, ടെൻഡർ സമയത്തിൽ മാറ്റം വരുത്തുന്നതിനു മുള്ള പൂർണ്ണ അധികാരം ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

11 ടെൻഡർ സംബന്ധിച്ചുള്ള എല്ലാ പൊതുനിയമങ്ങളും ട്രസ്റ്റ് നിയമങ്ങളും ഈ ടെൻഡറിനും ബാധ കമായിരിക്കും.

സെക്രട്ടറി

ആറ്റുകാൽ ഭഗവതിക്ഷേത്രംട്രസ്റ്റ്